## പുത്രത്വത്തിലെ യാഥാർത്ഥ്യം

## ക്രിസ്തുവിലുള്ള പുതിയ സൃഷ്ടിയുടെ ജീവനുള്ള വചനം....

പുസ്തക ക്രമം

1. നിരന്തരം വായിക്കുക.

2. നിങ്ങളുടെ മനസ്സിനോടും പ്രാണനോടും ശരീരത്തോടും സാഹചര്യങ്ങളോടും എപ്പോഴും ഇത് പറയുക.

3. ധ്യാനരീതി ഉപയോഗിക്കുക.

നിശബ്ദനായി ഇരിക്കുക കിടക്കുക.

വചനം ഉറക്കെ പറയുക.

ദൈവ വചനം നിങ്ങളുടെ മനസ്സിൽ ആവർത്തിച്ച് ആവർത്തിച്ച് പറയുക.

ആവർത്തിക്കുക-ആവർത്തിക്കുക-ആവർത്തിക്കുക

## പുത്രത്വ യാഥാർത്ഥ്യം

സൃഷ്ടാവായ ദൈവം മനുഷ്യനായി ലോകത്തിലേയ്ക്ക് വന്നപ്പോൾ അവനെ ലോകം അംഗീകരിച്ചില്ല. സ്വന്ത ജനമായ യിസ്രായേലിന്റെ നടുവിലാണ് യേശു വന്നത്. എന്നാൽ ആരെങ്കിലും യേശുവിനെ വിശ്വസിച്ച് സ്വീകരിച്ചാൽ അവർ ദൈവ മക്കൾ ആകുന്നു.

## പുത്രത്വ യാഥാർത്ഥ്യം

സൃഷ്ടാവായ ദൈവം മനുഷ്യനായി ലോകത്തിലേക്ക് വന്നപ്പോൾ ലോകം അവനെ അംഗീകരിച്ചില്ല. സ്വന്ത ജനമായ യിസ്രായേൽ പോലും. എന്നാൽ ആർ അവനെ കൈക്കൊണ്ട് അവന്റെ നാമത്തിൽ വിശ്വസിക്കുന്നുവോ അവർക്ക് അവന്റെ സ്വന്തമക്കൾ ആകുവാനുള്ള വിലയേറിയ പദവി അവൻ നൽകി.

ഈ പുതിയ ജീവിതം ഈ പുതിയ ജന്മം മനുഷ്യന്റെ ഇഷ്ടത്താലോ, യോഗ്യതകൊണ്ടോ പ്രവൃത്തി മൂലമോ ലഭിച്ചതല്ല. ഇത് ദൈവത്തിന്റെ പ്രവൃത്തിയും ദൈവോഷ്ടത്താലും സംഭവിച്ചതാണ്. ദൈവ ഇഷ്ടത്താൽ പുത്രത്വം എന്ന വിലയേറിയ പദവി ലഭിച്ചവരാണ് നമ്മൾ.

സങ്കീ : 17 : 15 ഞാൻ ഉണരുമ്പോൾ നിന്റെ രൂപം കണ്ടു തൃപ്തനാകും.

പരിഗണിക്കുക: യേശു നമുക്ക് പകരക്കാരനായി നിന്നുകൊണ്ട് അവൻ ചെയ്ത പ്രവൃത്തികളിലൂടെ നമുക്ക് അംഗീകാരം കിട്ടി.

റോമർ : 5-8

2. കൊരിന്ത്യയർ : 5 : 14

2. കൊരിന്ത്യയർ : 5 : 19

പരിഗണിക്കുക:- യേശു ക്രിസ്തു നമ്മുടെ ആത്മാവിലേക്ക് ഇറങ്ങിവന്നത് കൊണ്ട് ദൈവം യേശുവിലൂടെ ആണ് നമ്മളെ കാണുന്നത്.

2. കൊരി: 5 : 21

യെശയ്യാവ് : 53 : 9

മത്തായി : 23 : 46

**ഞാൻ യേശുക്രിസ്തുവിനോട് കൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു.**

ഗലാത്യർ 2 : 20

ഞാൻ യേശുവിനോട് കൂടെ ക്രൂശിക്കപ്പെട്ടു. എന്റെ പഴയ വ്യക്തിത്വം ക്രൂശിക്കപ്പെട്ടിരിക്കുന്നു. ക്രൂശിലൂടെ യേശു എന്റെ പഴയ വ്യക്തിത്വം എടുത്ത് ക്രൂശിൽ അവനോടൊപ്പം ഞാൻ ഇല്ലാതായി. ക്രൂശ് പഴയ മനുഷ്യനായ എന്നെ രക്ഷിയ്ക്കാനുള്ള വഴിയായിരുന്നു. ഞാൻ യേശുവിനോടു കൂടെ മരിച്ചു എങ്കിലും ഞാൻ ജീവിക്കുന്നു, ജീവിക്കുന്നതോ പഴയ ഞാനല്ല. ക്രിസ്തു അത്രേ എന്നിൽ ജീവിക്കുന്നത്. ദൈവ പുത്രന്റെ വിശ്വാസത്താൽ ഞാൻ ജീവിക്കുന്നു. കാഴ്ച്ചയാലല്ല യേശുവിലുള്ള വിശ്വാസത്താൽ ഞാൻ നടക്കുന്നു. ഞാൻ ക്രിസ്തുവിൽ ആരാണെന്നും എന്റെ അവകാശങ്ങൾ എന്താണെന്നുമുള്ള ബോധ്യത്തിൽ ഞാൻ ജീവിക്കുന്നു.

ഗലാത്യർ : 6 : 14

ഞാൻ ക്രിസ്തുവിനോട് കൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു. യേശു ക്രിസ്തുവിലൂടെ ഞാൻ ലോകത്തിനും ലോകം എനിക്കും ക്രൂശിക്കപ്പെട്ടിരിക്കുന്നു. ഞാൻ ലോകത്തിലാണ് എന്നാൽ ലോകത്തിൽ നിന്നുള്ളവനല്ല. ഈ ലോകത്തിന്റെ വഞ്ചനാ ശക്തികൾക്ക് എന്നെ പിടിച്ചു വയ്ക്കാൻ സാധ്യമല്ല. യേശു ക്രിസ്തുവിന്റ ക്രൂശ് ലോകത്തിന്റെ സൗന്ദര്യം, വഞ്ചന, മോഹം ഇവയിൽ നിന്ന് നമ്മെ രക്ഷിക്കുന്നു. ഇവയെ എല്ലാം സംബന്ധിച്ച് ഞാൻ ക്രിസ്തുവിനോട് കൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു.

റോമർ : 6 : 6

എന്റെ പഴയ വ്യക്തിത്വവും ജീവിത രീതിയും യേശുവിനോട് കൂടെ ക്രൂശിക്കപ്പെട്ടു. എന്റെ പഴയ സ്വഭാവം ചുരുക്കത്തിൽ എന്റെ വ്യക്തിത്വം യേശുവിനോട് കൂടെ ക്രൂശിൽ തറക്കപ്പെട്ടു. ഞാൻ ഇപ്പോൾ ഒരു പുതിയ സൃഷ്ടിയാണ്. എനിക്ക് പുതിയ വ്യക്തിത്വം ലഭിച്ചു. ഇനി പാപം എന്റെ മേൽ വാഴുകയില്ല. പിശാചിന് ഇനി എന്റെ ശരീരം ബലഹീനമാക്കാൻ കഴിയുകയില്ല. ഞാൻ ഇനി പാപത്തിന്റെ ദാസനല്ല. പാപത്തിന്റ ശക്തിയെ യേശു എന്നെന്നേക്കുമായി തകർത്തു. യേശു ക്രിസ്തുവിനോട് കൂടെ എന്റെ പഴയ വ്യക്തിത്വം ക്രൂശിക്കപ്പെട്ടു എന്ന സത്യത്തെ ഞാൻ തിരിച്ചറിയുന്നു. നിങ്ങളുടെ പഴയ വ്യക്തിത്വം (നിങ്ങളുടെ പേര്) ക്രിസ്തുവിനോട് കൂടെ ക്രൂശിയിക്കപ്പെട്ടിരിക്കുന്നു.

ഞാൻ ക്രിസ്തുവിനോട് കൂടെ മരിച്ചു.

റോമർ : 6 : 8

എന്റെ പഴയ വ്യക്തിത്വം അവനോട് കൂടെ മരിച്ചു. ഞാൻ ക്രിസുതുവിന്റെ മരണത്തിൽ പങ്കാളിയായപ്പോൾ അവന്റ മരണം എന്റ മരണത്തിന് തുല്യമായി. എന്റെ സ്വഭാവവും എന്റെ ലോകത്തോടുള്ള ആകർഷണവും പാപവും രോഗവും അവനോടൊപ്പം മരിച്ചു. ഇപ്പോൾ ക്രിസ്തുവിന്റെ ജീവൻ എന്നിൽ വ്യപരിക്കുന്നു.

കൊലൊസ്സ്യർ : 2 : 20

ഞാൻ ക്രിസ്തുവിനോട് കൂടെ മരിച്ചു. ഇനി ലോകത്തിന്റെതായ രീതിയും ചിന്തകളും കൂട്ടുകെട്ടുകളും നിയമങ്ങളും എന്റെ മേൽ ആധിപത്യം നടത്തുകയില്ല. ന്യായപ്രമാണത്തിന്റെ ശാപത്തിൽ നിന്നും അവന്റെ മരണത്തിൽ പങ്കാളി ആയതിലൂടെ പാപം, രോഗം, ദാരിദ്ര്യം, ഭയം ഇവയിൽ നിന്നെല്ലാം ഞാൻ ജയം പ്രാപിച്ചിരിക്കുന്നു.

കൊലൊസ്സ്യർ : 3 : 3

ഞാൻ മരിച്ചു ക്രിസ്തുവിനോട് കൂടെ ദൈവത്തിൽ മറഞ്ഞിരിക്കുന്നു. ഞാൻ യേശുവിനോട് കൂടെ ഈ ലോകം സംബന്ധിച്ചുള്ള ചിന്തകൾ, ആഗ്രഹങ്ങൾ, ഇവയിൽ മരിച്ചു. എന്റെ യഥാർത്ഥ ജീവിതം, എന്റെ സത്യവ്യക്തിത്വവും ക്രിസ്തുവിനോട് കൂടെ ദൈവത്തിൽ മറഞ്ഞിരിക്കുന്നു. ഞാൻ ക്രിസ്തുവിനോട് കൂടെ ദൈവവുമായുള്ള രഹസ്യ ജീവിതത്തിൽ പ്രവേശിച്ചിരിക്കുന്നു. ഇനി യേശു പ്രത്യക്ഷൻ ആകുമ്പോൾ ദൈവം നമ്മെയും അവനോട് കൂടെ പ്രത്യക്ഷൻ ആക്കും.

റോമർ : 6: 10, 11

ക്രിസ്തു മരിച്ച എല്ലാറ്റിലും ഞാനും മരിച്ചു. ക്രിസ്തു മരിക്കുകയും എന്നെന്നേക്കുമായി ജീവിക്കുകയും ചെയ്തത് പോലെ ഞാനും യേശുവിനോട് കൂടെ എന്നെന്നേക്കുമായി ജീവിക്കുന്നു എന്ന് ഞൻ വിശ്വസിക്കുകയും ഉറക്കുകയും ചെയ്യുന്നു. പാപം സംബദ്ധിച്ച് മരിച്ചവനായി ഞാൻ എന്നെ തന്നെ കാണുകയും ചിന്തിക്കുകയും വിലയിരുത്തുകയും ചെയ്യുന്നു. യേശു മരിച്ചത് പാപത്തിൽ നിന്നും രോഗത്തിൽ നിന്നും നിത്യമരണത്തിൽ നിന്നും ഉള്ള അധീനതയിൽ നിന്ന് എന്നെ രക്ഷിക്കുവാനും ആയിരുന്നു. ദൈവത്തിന്റെ ജീവൻ എന്നിൽ ഉള്ളത് കൊണ്ട് ഞാൻ ദൈവത്തിനായി ജീവിക്കുന്നു. ഇനിയുള്ള ജീവിതം ക്രിസ്തുവിൽ മറഞ്ഞ് ക്രിസ്തുവിനോട് കൂടെ ദൈവത്തിന്റെ ശിശ്രൂഷകൻ ആയി നീതിയിലും ബലത്തിലും ജീവിക്കുന്നു.

ഞാൻ ക്രിസ്തുവിനോട് കൂടെ അടക്കപ്പെട്ടു.

റോമർ : 6: 4, 5

എന്റെ പഴയ വ്യക്തിത്വത്തെ ക്രിസ്തുവിനോട് കൂടെ അടക്കം ചെയ്തു. എന്റെ രോഗങ്ങളും ബന്ധനങ്ങളും അവനോട് കൂടെ കല്ലറയിൽ അടച്ച് മുദ്രചെയ്യപ്പെട്ടു. യേശു പിതാവിന്റെ മഹിമയുള്ള ശക്തിയാൽ ജീവിക്കുന്നത് പോലെ ഞാനും അവനോട് കൂടെ ജീവിയ്ക്കപ്പെട്ടു. ആ ജീവൻ എന്നിലുണ്ട്, ആ ജീവൻ എന്നെ നിയന്ത്രിയ്ക്കുന്നു. ഒരു പുതിയ ജീവിതരീതിയിൽ ഞാൻ ജീവിക്കുന്നു. അവന്റെ സ്വന്തം പുനരുത്ഥാന ജീവിതം എന്നിലുണ്ട്. ആ ജീവനാൽ ഞാൻ നരകത്തെയും സാത്താനേയും കീഴടക്കാൻ പ്രാപ്തനായിരിക്കുന്നു. എന്നിൽ മുൻപ് വാണിരുന്ന പാപം, ദാരിദ്ര്യം, രോഗം, അടിമത്തം ഇവയെല്ലാം സംബന്ധിച്ച് ഞാൻ യേശുവിനോട് കൂടെ മരിച്ച് അടക്കപ്പെടുകയും ചെയ്തു, ഇപ്പോൾ അവനോട് കൂടെ ഉയർത്തുമരിക്കുന്നു; ക്രിസ്തുവിനോട് കൂടെ പുനരുത്ഥാന ജീവൻ പങ്കിടുന്നു.

കൊലൊസ്സ്യർ : 2: 12

ജലസ്നാനം എന്റെ തിരിച്ചറിയലിനെ പ്രതിനിധീകരിക്കുന്നു. അതിലൂടെ ഞാൻ ക്രിസ്തുവിന്റെ അടക്കത്തോടും പുനരുത്ഥാനത്തോടും ഒന്നുചേരുന്നു. എന്റെ പഴയ വ്യക്തിത്വം കുഴിച്ചിടപ്പെട്ടു. എന്റെ പരാജയങ്ങളും ബന്ധനങ്ങളും ക്രിസ്തുവിനോട് കൂടെ അടക്കപ്പെട്ടു. ഇപ്പോൾ ഞാൻ ഉയർത്തെഴുന്നേൽപ്പിന്റെ വിജയകരമായ ജീവിതമാണ് നയിക്കുന്നത്. ഞാൻ ക്രിസ്തുവിന്റെ പുനരുത്ഥാന ശക്തിയുള്ള ജീവന്റെ കൂട്ടാളിയാണ്.

ഞാൻ ക്രിസ്തുവിനോട് കൂടെ ജീവിക്കുന്നു.

കൊലൊസ്സ്യർ : 2 : 13

ഞാൻ ക്രിസ്തുവിനോടൊപ്പം ജീവിക്കപ്പെട്ടു. പിതാവ് യേശുവിനോട് ഒപ്പം എന്നെയും ജീവിപ്പിച്ചു. ക്രിസ്തുവിന്റെ പുനരുത്ഥാന ജീവൻ ഇപ്പോൾ എന്നിലുണ്ട്. യേശുവിനെ ഉയർത്തെഴുന്നേൽപ്പിച്ച പുനരുത്ഥാന ജീവനാണ്. അത്, ഞാൻ ആ ജീവനാൽ നിറഞ്ഞിരിക്കുന്നു.

എഫെസ്യർ : 2 : 5

ക്രിസ്തുവിന് ജീവൻ നൽകിയപ്പോൾ ദൈവം എനിക്കും ക്രിസ്തുവിനോട് കൂടെ അതേ ജീവൻ നൽകിയിരിക്കുന്നു. അതിനാൽ ഞാൻ ക്രിസ്തുവിലൂടേ എന്നെ തിരിച്ചറിയുന്നു. ക്രിസ്തുവിലൂടെ ദൈവം എന്നെ മരിച്ചവനായും അടക്കപ്പെട്ടവനായും ഉയർത്തെഴുന്നേറ്റവനായും കണ്ടുകൊണ്ടിരിക്കുന്നു. ഞാൻ യേശുവിനോട് കൂടെ ജീവിക്കുന്നു. ഉയർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ അതേ ജീവശ്വാസമാണ് എന്നിൽ വ്യാപരിക്കുന്നത്. ക്രിസ്തു യേശുവിനെ നരകത്തിന്റെ അന്ധകാര ശക്തികളുടെ മുകളിൽ അധിപനാക്കിയ അതേ ജീവൻ എന്നിൽ വ്യാപരിക്കുന്നു.

ഞാൻ ക്രിസ്തുവിനോട് കൂടെ അവനെ കീഴടക്കി.

കൊലൊസ്സ്യർ : 2 : 15
ക്രിസ്തുവിന്റെ വിജയം എന്റെ വിജയമാണ് ക്രിസ്തുവിലൂടെ എന്റെ ജയത്തെ ഞാൻ തിരിച്ചറിയുന്നു. എനിക്കു വേണ്ടി അവൻ വാഴ്ച്ചകളേയും അധികാരങ്ങളേയും ആയുധവർഗ്ഗം വെപ്പിച്ചു. ക്രിസ്തുവിന്റെ വിജയം എന്റേയും വിജയമാണ്. ഞാൻ ക്രിസ്തുവിന്റെ വിജയത്തിൽ പങ്കാളിയാണ്. എന്നെ സംബന്ധിച്ചിടത്തോളം സത്താൻ ഇപ്പോൾ പരാജയപ്പെട്ട ഒരു ശത്രു മാത്രമാണ്. ക്രിസ്തു കീഴടക്കിയത് എല്ലാം എനിക്ക് കീഴടങ്ങിയിരിക്കുന്നു. എന്റെ മേൽ ഉണ്ടായിരുന്ന സാത്താനിക അധികാരത്തിന് എന്നെന്നേക്കുമായി അവസാനം വന്നു.

എബ്രായർ : 2 : 14
ക്രിസ്തു വരിച്ച വിജയത്തിലൂടെ സാത്താന് എന്റെ മേൽ ശക്തിയില്ലാതെ ആയി ക്രിസ്തു യേശു തന്റെ ക്രൂശിലൂടെ സാത്താനെ പരാജയപ്പെടുത്തി, നിഷ്ഫലമാക്കി, ഫലമില്ലാതാക്കി, അടിമയാക്കി, അവന്റെ ബലം നിർവീര്യമാക്കി. അവനെ തകർത്തുകളഞ്ഞു. ഞാൻ എന്തിനെ എല്ലാം ഭയപ്പെട്ടോ അവയുടെ മുകളിൽ എന്നെ അധിപധി ആക്കി. ക്രിസ്തുവിനോടൊപ്പം ഞാൻ സാത്താനെ കീഴടക്കി, ക്രിസ്തുവിന്റെ വിജയം എന്റെ വിജയമായിരുന്നു. കാരണം ഞാൻ അവനോടൊപ്പം ജീവിപ്പിക്കപ്പെടുകയും ക്രിസ്തുവിനോടൊപ്പം വളർത്തപ്പെടുകയും ചെയ്തു.

ഞാൻ ക്രിസ്തുവിനോടൊപ്പം ഉയർത്തു

കൊലൊസ്സ്യർ : 3 : 1

ഞാൻ ക്രിസ്തുവിനോട് കൂടെ ഉയർത്തെഴുന്നേറ്റത് ആസ്വദിക്കുകയാണ്. ക്രിസ്തു ഇരിക്കുന്നിടമായ പിതാവിന്റെ വലത്തുഭാഗത്തുള്ള കാര്യങ്ങളെ ചിന്തിച്ച് ഞാൻ എപ്പോഴും സന്തോഷിക്കുന്നു. ആ സ്വർഗ്ഗീയമായ രാജ്യവും അതിലുള്ള വിലയേറിയ നിത്യമായ സൗഭാഗ്യങ്ങളെല്ലാം എന്റേതായതിൽ ഞാൻ സന്തോഷിക്കുന്നു. ക്രിസ്തുവിലൂടെ സ്വർഗ്ഗസ്ഥനായ പിതാവിനുള്ളതെല്ലാം എന്റേതായി. ഞാൻ ക്രിസ്തുവിനോട് കൂടെ ഉയർത്തെഴുന്നേൽക്കപ്പെടുകയും, ക്രിസ്തുവിന്റെ മഹത്വമുള്ള പുനരുത്ഥാനത്തിൽ ഏകീഭവിക്കുകയും ചെയ്തു.

എഫെസ്യർ : 1 : 19 – 21

ക്രിസ്തുവിനെ മരിച്ചവരിൽ നിന്ന് ഉയർപ്പിച്ച അതേ ശക്തി എന്നിൽ പ്രവൃത്തിക്കുന്നു. ക്രിസ്തുവിന്റെ പുനരുത്ഥാന ശക്തി വളരെ വലുതാണ്, പരിമിധി ഇല്ലാത്തതാണ് അളക്കാൻ ആവാത്ത, അനന്തമായ, പ്രതിരോധമില്ലാത്ത, അതിശയകരവും, അതിശക്തവുമാണ്. ക്രിസ്തുവിന്റെ പുനരുത്ഥാന ശക്തി എന്നിൽ പ്രവൃത്തിക്കുന്നു. ഞാൻ ക്രിസ്തുവിനോടൊപ്പം വളർന്ന് അവിടുത്തെ നേട്ടങ്ങളിൽ പങ്കാളി ആയി. ഞാൻ ക്രിസ്തുവിനോടൊപ്പം ഉയർത്തിരിക്കുന്നു.

ഞാൻ ക്രിസ്തുവിനോട് കൂടെ ഇരിക്കുന്നു.

എഫെസ്സ്യർ : 1 : 19 – 21, 2 : 6

ലൂക്കോസ് : 10 : 19

ഞാൻ ക്രിസ്തുവിനോട് കൂടെ ഉയർത്തെഴുന്നേറ്റിരിക്കുന്നു. ആ പുനരുത്ഥാന ശക്തി എല്ലാറ്റിനും മീതെ ക്രിസ്തുവിനെ വിജയി ആക്കി ഉയർത്തി, എല്ലാ മനുഷ്യന്റെ ശത്രുക്കളിൽ നിന്നും അതേ പുനരുത്ഥാന ശക്തി എന്നെ വിജയി ആക്കുന്നു. ക്രിസ്തുവിനോടൊപ്പം ഞാൻ സിംഹാസനസ്ഥനായിരിക്കുന്നു. ആ അധികാരം ഉപയോഗിക്കുന്നു. എല്ലാ വാഴ്ചകളെയും അധികാരങ്ങളേയും പാപം, ദാരിദ്ര്യം, ഭൂതങ്ങൾ, രോഗം, സാഹചര്യങ്ങൾ, ഇവയെല്ലാം ക്രിസ്തുവിലൂടെ എന്റെ കാൽക്കീഴിലാണ്. എന്തെന്നാൽ ഞാൻ ക്രിസ്തുവിനോട് കൂടെ ഇരിക്കുന്നു. എല്ലാ വാഴ്ചകളും അധികാരങ്ങളും രാഗവും ദാരിദ്ര്യവും പൈശാചിക ശക്തികളും പാമ്പ്, തേൾ, ശ്ത്രുവിന്റെ സകലബലവും ചവിട്ടാനുള്ള അധികാരം എനിക്ക് കൈവശമായിരിക്കുന്നു.

നിത്യ ജീവൻ

യേശുവിന്റെ വരവിന്റെ കാരണവും വീണ്ടെടുക്കൽ പദ്ധതിയുടെ പ്രാധമിക വസ്തുത.

യോഹന്നാൻ : 6 :33, യോഹന്നാൻ : 10 : 10

1 യോഹന്നാൻ : 1 : 1, 2, 4 : 9

നിത്യജീവൻ യേശുവിലൂടെ പ്രകടമായി. ക്രിസ്തു ആണ് ജീവദാതാവ്. പിതാവ് പുത്രനെ അയച്ചതിന്റെ ലക്ഷ്യം എനിക്ക് ജീവൻ – നൽകുക ആയിരുന്നു. യേശു സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവന്ന നിത്യജീവനാണ് ഇപ്പോൾ ആ നിത്യജീവൻ എന്നിലുണ്ട്.

റോമർ 5 : 18 – 21

ആദമിന്റെ പാപം ആത്മീക മരണത്തിന് കാരണമായി എന്നാൽ യേശു ക്രിസ്തുവിന്റെ നീതി നിത്യജീവങ്കലേക്കുള്ള വഴി നമുക്ക് തുറന്നു തന്നു. യേശുവിലൂടെ ഉള്ള പിതാവിന്റെ പദ്ധതി എന്നെ നീതിമാനാക്കി എനിക്ക് നിത്യജീവൻ തരിക എന്നുള്ളതായിരുന്നു. ക്രിസ്തുവിന്റെ വീണ്ടെടുപ്പ് നടപടി ക്രമത്തിലൂടെ എന്നെ സ്വതന്ത്രനാക്കുകയും എനിക്ക് നിത്യ ജീവൻ നൽകുകയും ചെയ്തു. ഞാനിപ്പോൾ ദൈവത്തോട് ഏകീഭവിക്കുകയും നിത്യജീവൻ എന്നിലേക്ക് പകരപ്പെടുകയും ചെയ്തു.

നിത്യജീവനായ ക്രിസ്തു ഇപ്പോൾ എന്റേതാണ്.

യോഹന്നാൻ 3 : 14 : 16; 6 : 51

1 തെസ്സലോനിക്യർ : 5 : 10

യേശു തന്റെ രക്തം ചിന്തിമരിക്കാൻ കാരണം എനിക്ക് നിത്യജീവൻ നൽകാൻ ആയിരുന്നു. എന്റെ പാപത്തിന്റെ പിഴ ക്രിസ്തു അടച്ചു. ഇപ്പോൾ ഞാൻ നീതിമാനും നിത്യ ജീവന് അവകാശിയും ആയി. പിതാവ് സ്വർഗ്ഗത്തിൽ നിന്ന് അയച്ച നിത്യജീവൻ ഇപ്പോൾ എന്നിൽ എന്നിലുണ്ട്, സ്വർഗ്ഗീയമായ ജീവിതശൈലി എന്റെ ആത്മാവിനുണ്ട്.

ദൈവത്തിന്റെ സ്വഭാവവും നിത്യജീവനിലുള്ള ജീവിതവും

യോഹന്നാൻ : 1 : 4, 5 : 26

ദൈവം ആതാമാവാണ്. അവന്റെ ഉള്ളിൽ ജീവൻ നിറഞ്ഞിരിക്കുന്നു. അത് ശക്തിയേറിയ നിത്യജീവൻ ആണ്. അതേ ജീവൻ ക്രിസ്തുവിൽ ഉണ്ടായിരുന്നു. ഞാനും ക്രിസ്തുവും ആത്മാവിൽ ഒന്നായിരിക്കുന്നു. അതേ രീതിയിലുള്ള നിത്യജീവൻ എന്റെ പ്രാണനിൽ ഞാൻ പ്രാപിച്ചിരിക്കുന്നു. ഞാൻ ദൈവത്തിൽ നിന്ന് ജനിച്ചിരിക്കുന്നു. ഇപ്പോൾ ദൈവത്തിന്റെ ജീവൻ എന്നിലുണ്ട്. ആദിയിലേ ഉള്ള ആ നിത്യജീവൻ ഞാൻ ആകുന്നവൻ ഞാൻ ആകുന്നു എന്ന് പറഞ്ഞ ആ ജീവൻ എന്നിലുണ്ട്.

എഫെസ്യർ : 4 : 17, 18, 2. പത്രോസ് : 1 : 4 നിത്യജീവൻ ദൈവത്തിന്റെ ജീവനാണ്. ഇത് ദൈവത്തിന്റെ സ്വഭാവമാണ്. എന്നിൽ ദൈവത്തിന്റെ ജീവനും സ്വഭാവവും ഉണ്ടാ. ഞാൻ ആ ദൈവീക സ്വഭാവത്തിന് കൂട്ടാളി ആണ്. പാപത്തിലൂടെ വന്ന ആത്മീക മരണത്തിൽ നിന്നും ഞാൻ രക്ഷപ്രാപിച്ചിരിക്കുന്നു. ദൈവീക ജീവൻ എന്നിലുണ്ട്. ഞാൻ ദൈവത്തോട് കൂടെ ദൈവീക വ്യക്തിത്വത്തിന്റെ ഭാഗമാണ് കാരണം എന്നിൽ നിത്യജീവൻ ഉണ്ട്.

എന്നിൽ നിത്യ ജീവൻ ഉണ്ട്

ജോൺ : 3 : 3-6

ഞാനും യേശുവും ആത്മാവിൽ ഒന്നാകുന്നു. പരിശുദ്ധാത്മാവ് എന്റെ ഹൃദയത്തെ യേശുവിൻരെ ഹൃദയം പോലെ ആക്കുന്നു. എൻരെ ശരീരം അവന്റെ മഹത്വമുള്ള ശരീരത്തിലേക്ക് രൂപാന്തരപ്പെടുന്നു. ദൈവം യേശുവിലൂടെ എന്നെ ജനിപ്പിച്ചിരിക്കുന്നു. യേശുവിലൂടെ ദൈവം എനിക്ക് പിതാവായിരിക്കുന്നു. ഞാൻ ഉയരത്തിൽ നിന്നുള്ള പുതിയ ജനനം പ്രാപിച്ചിരിക്കുന്നു. ഉയരത്തിൽ നിന്നുള്ള ദൈവീക ജീവൻ എന്നിൽ വ്യാപരിക്കുന്നു. പിതാവിൽ നിന്നുള്ള സ്വഭാവവും ജീവനും സ്വർഗ്ഗീയ ജീവിത രീതിയും ഇപ്പോൾ എന്നിലുണ്ട്. ഞാൻ പിതാവിന്റെ കുടുംബക്കാരനാകുന്നു.

എബ്രായർ : 12 : 9

പിതാവിലുള്ള ജീവൻ എന്നിലേക്ക് പകരപ്പെട്ടിരിക്കുന്നു. ദൈവത്തിന്റെ ജീവൻ എന്നിലുണ്ട്. ദൈവം എന്റെ നിത്യപിതാവാകുന്നു. ദൈവം എന്റെ പിതാവാണ്. എന്റെ പ്രിയ പിതാവ് ഞാൻ അവിടുത്തെ പ്രിയ പുത്രനും അവിടുത്തെ സ്വഭാവം എന്നിലുണ്ട്.

പത്രോസ് : 1 : 23

എന്റെ പുതിയ ജന്മം ദൈവത്തിൽ നിന്നുള്ളതാണ്. അത് അവിടുത്തെ വചനത്തിലൂടെ എനിക്ക് ലഭിച്ചതാണ്. അവിടുത്തെ ജീവന്റെ സമൃദ്ധിയിൽ വസിക്കുമ്പോൾ അവിടുത്തെ വചനം എന്റെ പ്രാണനിൽ സമൃദ്ധിയായി നിറയുന്നു. ഞാൻ ദൈവത്താൽ ദത്തെടുക്കപ്പെട്ടിരിക്കുന്നു. ദൈവ വചനത്തിൽ അടങ്ങിയിരിക്കുന്ന ദൈവീക ജീവനിലൂടെ ദൈവീക ജീവനും ചൈതന്യവും ഉള്ള വചനത്താൽ ആത്മാവിൽ പുതുക്കമുള്ള ദൈവ പുത്രനായി മാറിയിരിക്കുന്നു. ഞാനൊരു ദൈവപൈതലാണ്. പിതാവെനിക്ക് നശിപ്പിക്കാനാവാത്ത അവിടുത്തെ പാരമ്പര്യം തന്നു. ജീവനും തേജസ്സും ഉള്ള വചനത്തിലൂടെ എനിക്ക് പിതാവ് പുതിയ ജന്മം നൽകി.

എഫെസ്യർ : 2 : 1 യോഹന്നാൻ : 5 : 24

അകൃത്ത്യത്താലും പാപത്താലും ഞാൻ മരിച്ചവനായിരുന്നു. എങ്കിലും ദൈവം എന്നെ ജീവിപ്പിച്ചു. ഞാൻ മരണം വിട്ട് ജീവനൽ കടന്നിരിക്കുന്നു. എന്നിലിപ്പോൾ നിത്യജീവൻ ഉണ്ട്. ആ നിത്യജീവന്റെ ആനന്ദം ഞാൻ അനുബവിക്കുന്നു. ഞാൻ മരണത്തിന്റെ അതിരുകൾ കടന്ന് ജീവനിൽ പ്രവേശിച്ചിരിക്കുന്നു. ഞാൻ മരണമേഖലയിൽ നിന്ന് ജീവനിലേക്ക് കടന്നിരിക്കുന്നു.

റോമർ : 8, 2 – 10

എന്നിൽ ജീവൻ നിറഞ്ഞിരിക്കുന്നു. ഇപ്പോൾ ഞാൻ നിത്യജീവനിൽ ആനന്ദിക്കുന്നു. ദൈവത്തിന്റെ ജീവൻ, സ്വർഗ്ഗീയ ജീവൻ, യേശു ക്രിസ്തുവിൽ ഉണ്ടായിരുന്ന ജീവൻ ഇപ്പോൾ എന്നിലുണ്ട്. ആ ജീവൻ പാപത്തിൽ നിന്നും മരണത്തിൽ നിന്നും എന്നെ സ്വതന്ത്രനാക്കിയിരിക്കുന്നു. പഴയ സ്വഭാവം മാറി പുതിയ സ്വഭാവം വന്നു. അത് എനിക്ക് സ്വാതന്ത്ര്യം നൽകി. യേശു ക്രിസ്തു വന്ന് പഴയനിയമത്തേയും പഴയ തത്വം പഴയ അവസ്ഥ എന്നിലെ പഴയ പാപമരണ സ്വഭാവത്തെയും മാറ്റി മറിച്ചു.

ദൈവത്തിന്റെ നീതിയും ജീവിതവും യാഥാർത്ഥ്യമായി എന്നിൽ പകർന്നു നൽകി. ദൈവീക ജീവൻ ഇപ്പോൾ എന്റെ ശ്വാസമാണ്. ഞാൻ ഒരു പുതിയ വ്യക്തി ആയിരിക്കുന്നു.

നിത്യജീവൻ എങ്ങനെ പ്രദാനം ചെയ്യപ്പെട്ടു. 2. തിമോത്തി : 1 : 10, എബ്രായർ : 2 : 9

യേശു ക്രിസ്തു തന്റെ ആത്മാവിനാൽ എനിക്കുവേണ്ടി ആ മരണത്തെ ആസ്വദിച്ച എന്റെ പഴയ സ്വഭാവത്തെയും ആത്മീക മരണത്തേയും ഇല്ലാതാക്കി. ക്രിസ്തു എന്റെ പഴയ സ്വഭാവത്തെ തുടച്ചു മാറ്റി. ഇപ്പോൾ എന്നിൽ അവിടുത്തെ ജീവൻ ഉണ്ട്. ഞാൻ മരണത്തിൽ നിന്ന് ജീവനിലേക്ക് പ്രവേശിച്ചിരിക്കുന്നു.

അപ്പോസ്തോല പ്രവൃത്തി : 2 : 24, 27, 28

യേശു ആത്മാവിൽ എന്റെ സ്ഥാനത്ത് മരിച്ചു. എന്റെ പാപത്തിനെതിരായുള്ള എല്ലാ ശിക്ഷകൾക്കും നീതിനടപ്പാക്കി വീണ്ടും എന്നെ ആത്മാവിൽ ജീവിപ്പിച്ചു. എന്റെ പഴയ സ്വഭാവവും ആത്മീക മരണവും ക്രിസ്തു യേശുവിലൂടെ തുടച്ചു മാറ്റി എനിക്ക് ജീവൻ നൽകി. എനിക്ക് ജീവൻ നൽകി. യേശു ക്രിസ്തു എന്ന വ്യക്തിയിൽ ദൈവം എനിക്ക് ജീവൻ നൽകി. യേശു എന്റെ പാപത്തിനുള്ള പിഴ അടച്ചുംകൊണ്ട് എന്റെ മരണം എറ്റെടുത്ത് ഏറ്റെടുത്ത് മരണത്തെ ജയിച്ചു. യേശു ക്രിസ്തുവിന്റെ ആ ജീവൻ ഇപ്പോൾ എന്നിലുണ്ട്.

1. പത്രോസ് : 3 : 18, കൊലൊസ്സ്യർ : 1 : 18 വെളിപാട് : 1 : 5, അപ്പോ പ്രവൃത്തി : 13 : 32 –34 യേശു ക്രിസ്തു ശരീരം സംബന്ധിച്ച് ജീവിക്കുന്നതിന് മുൻപേ ആത്മാവിൽ ഉയർക്കപ്പെട്ടു. പിതാവാം ദൈവം ക്രിസ്തുവിന് അവിടുത്തെ ആത്മാവിനാൽ ജീവൻ നൽകി. മരിച്ചവരുടെ ഇടയിൽ നിന്ന് ഉയർത്ത് എഴുന്നേറ്റ ആദ്യജാതൻ യേശു ആയിരുന്നു. അവൻ എനിക്ക് വേണ്ടി മരണം ആസ്വദിച്ചു. ക്രിസ്തു എനിക്കുവേണ്ടി മറുവിലയായി. ദൈവം പുത്രനെ നിത്യജീവനുള്ളവനായി ലോകത്തിലേക്ക് അയച്ചു. ആ പുത്രനിലൂടെ ഞാൻ നിത്യജീവൻ സ്വന്തമാക്കി. യേശു ക്രിസ്തു എന്റെ പഴയ സ്വഭാവത്തെയും ആത്മീക മരണത്തെയും എടുത്തു. അവർ എന്റെ കഷ്ടങ്ങളുടെയും പാപത്തിന്റെയും എല്ലാ ശിക്ഷാവിധികളും തന്റെ ശരീരത്തിൽ വഹിച്ചുകൊണ്ട് എന്നെ നീതീകരിച്ച് നിത്യജീവൻ നൽകി. യേശു ക്രിസ്തുവിൽ ഉള്ള അതേ ജീവൻ എന്നിലും വ്യാപരിക്കുന്നു.

കൊലൊസ്സ്യർ : 2 : 15, വെളിപാട് : 1 : 18,

റോമർ : 8 : 37 – 39 യേശു ക്രിസ്തുവിനെ നരകത്തിന്റേയും സത്താന്റേയും വിജയാളിയാക്കിയ അതേ ജീവൻ ഇപ്പോൾ എന്നിലും വ്യാപരിക്കുന്നു. യേശുക്രിസ്തുവിന്റെ ഉയർത്തെഴുന്നേറ്റ് ജീവിക്കുന്ന വിജയകരമായ ജീവിതത്തിന്റെ പങ്കാളിയാണ് ഞാൻ. ഞാൻ അനുഭവിച്ചുകൊണ്ടിരുന്ന ഉപദ്രവങ്ങളിലൂടെയും പരാജയത്തിന്റേയും എന്നെന്നേക്കും അറുതി വരുത്തി എന്നെ ആർക്കും തോൽപ്പിക്കാൻ കഴിയാത്തവനാക്കി മാറ്റി. ആഴത്തിനോ ഉയരത്തിനോ പിശാചിനോ സാഹചര്യങ്ങൾക്കോ നിയന്ത്രിക്കുവാൻ കഴിയാത്തവണ്ണം ഞാൻ അത്ഭുതകരമായ വിജയം നേടിയിരിക്കുന്നു. എന്നെന്നേക്കും നിലനിൽക്കുന്ന വിജയകരമായ ജീവിതം ക്രിസ്തുവിലൂടെ എനിക്കുണ്ട് കാരണം യേശുക്രിസ്തുവിനെ നരകത്തിന്റെ വിജയാളിയാക്കിയ അതേ ജീവൻ ഇപ്പോൾ എന്നിലുണ്ട്. ക്രിസ്തുവിന്റെ അതിശക്തമായ വിജയം ക്രിസ്തുവിലൂടെ ഇപ്പോൾ എന്റേതാണ് അവിടുത്തെ ജീവൻ ഇപ്പോൾ എന്നിലുണ്ട്.

എഫെസ്യർ : 2 : 5

കൊലൊസ്സ്യർ : 2 : 13

പിതാവാം ദൈവം യേശുവിനോട് കൂടെ എന്നെയും ജീവിപ്പിച്ചു. യേശു ക്രിസ്തുവിന്റെ ഉയർത്തെഴുന്നേൽപ്പിലൂടെ എന്റെ വിജയം ഞാൻ തിരിച്ചറിയുന്നു. ഞാൻ യേശു ക്രിസ്തുവിനോട് കൂടെ വിജയാലി ആണ്. ശേശു പിശാചിനേയും അവന്റെ അധികാരത്തേയും ഇല്ലാതാക്കിയപ്പോൾ ആ യേശുവിന്റെ ജീവനിൽ ഞാൻ പരിപൂർണ്ണനായിരിക്കുന്നു. യേശുവിന് നരകത്തിന്റെ മേൽ അധികാരം കൊടുത്ത പിതാവ് അതേ ജീവൻ എന്നിലും നൽകിയിരിക്കുന്നു. യേശുവിനെ മരിച്ചവരിൽ നിന്ന് ഉയിർപ്പിച്ചവന്റെ ജീവൻ ഇപ്പോൾ എന്നിൽ ഉണ്ട്.

റോമർ : 6 : 4

ഞാൻ യേശുവിനോട് കൂടെ അടക്കപ്പെട്ടു. ക്രിസ്തു പിതാവിന്റെ മഹിമയാൽ ജീവിച്ച് എഴുന്നേറ്റത് പോലെ അതേ ജീവൻ ഇപ്പോൾ എന്റെ പക്കൽ ഉണ്ട്. ആ ജീവനാൽ ഞാൻ പുതിയ സ്വഭാവത്തോടെ പുതിയ ജീവിത രീതി നയിക്കുന്നു. യേശുവിന്റെ ഉയിർത്തെഴുന്നേൽപ്പിന്റെ ജീവൻ എന്നിലുണ്ട്. മനോഹരമായ ആ ജീവനിൽ ഞാൻ ആനന്ദിക്കുന്നു. ആ വിശുദ്ധ ജീവിതം എന്റെ ഉള്ളിൽ ഉണ്ട്. ആ ജീവൻ എന്റെ ആത്മാവിനേയും പ്രാണനേയും ശരീരത്തേയും നിയന്ത്രിക്കുന്നു.

റോമർ : 6 : 5

ഞാൻ ക്രിസ്തുവിന്റെ ഉയർത്തെഴുന്നേൽപ്പിനോട് ഏകീഭവിച്ചിരിക്കുന്നു. ആ നിത്യജീവൻ ഞാൻ ഇപ്പോൽ പങ്കിടുന്നു. ഞാൻ ക്രിസ്തുവിന്റെ മരണത്താൻ അവനോട് കൂടെ പങ്കാളി ആയിരിക്കുന്നു. ക്രിസ്തുവിന്റെ മരണത്തിലും ഉയിർപ്പിലും ഞാൻ പങ്കാളി ആകയാൽ ക്രിസ്തുവിന്റെ സ്വഭാവത്തിന് കൂട്ടവകാശി ആകുന്നു. ക്രിസ്തുവിന്റെ പുനരുത്ഥാനത്തിലൂടെ ഞാൻ പുതിയ ജീവിത രീതി ശീലിച്ചിരിക്കുന്നു. ഞാൻ അധികം ഫം കായ്ക്കേണ്ടതിന് ഉയർത്തെഴുന്നേൽപ്പിന്റെ തോട്ടത്തിൽ ക്രിസ്തുവിനോടൊപ്പം ചേർത്ത് ഒട്ടിക്കപ്പെട്ടിരിക്കുന്നു.

റോമർ : 6 : 8

ഞാനും എന്റെ പഴയ വ്യക്തിത്വവും ക്രിസ്തുവിനോട് കൂടെ മരിക്കുകയും പുതിയ ആത്മീയ വ്യക്തിത്വത്തിൽ പങ്കാളി ആകുകയും ചെയ്തു. യേശു ക്രിസ്തു ആത്മാവിൽ ഉയിർത്തെഴുന്നേറ്റ് ജീവിക്കുന്ന അതേ ജീവൻ ഞാൻ ഇപ്പോൾ ജീവിക്കുന്നു. ക്രിസ്തുവിന്റെ ഉയിർപ്പിൻ ജീവനിൽ പങ്കാളി ആകുന്നു. ക്രിസ്തുവിനെ നരകത്തിന്റെ മേൽ ആധിപത്യം ഉള്ളവൻ ആക്കിയ അതേ ജീവൻ ഇപ്പോൾ എന്നിലും വ്യാപരിക്കുന്നു.

റോമർ : 6 : 10, 11

ക്രിസ്തുവിനോട് കൂടെ മരിക്കയാൽ, ഞാൻ പാപത്തെയും രോഗത്തേയും സാത്താന്റെ ആധിപത്യത്തേയും ജയിച്ചിരിക്കുന്നു. യേശു ക്രിസ്തു മരിച്ചതിൽ ഒക്കെയും ഞാനും മരിച്ചിരിക്കുന്നു; യേശു ക്രിസ്തു ജീവിച്ചിരിക്കുന്നതിൽ ഒക്കെയും ഞാനും ജീവിക്കുന്നു. കാരണം അവിടുത്തെ ജീവൻ എന്നിലുണ്ട്. ദൈവത്തിലും ദൈവത്തിനുള്ള എല്ലാറ്റിലും ഞാൻ ജീവിക്കുന്നു. എന്റെ ജീവൻ ക്രിസ്തുവിൽ മറഞ്ഞിരിക്കുന്നു. ക്രിസ്തുവിന്റെ ഉയിർപ്പിന്റെ ജീവനാൽ ഞാനും പാപത്തേയും രോഗത്തേയും സാത്താനേയും മരണത്തേയും കീഴടക്കിയിരിക്കുന്നു.

നിത്യജീവൻ എൻരെ പ്രാണന്റെ വിശപ്പടക്കുന്നു.

യോഹന്നാൻ 4:14

നിത്യജീവങ്കലേക്ക് പൊങ്ങിവരുന്ന നീരുറവ എന്നിലുണ്ട്. ആ നീരുറവയിൽ നിന്ന് നിത്യജീവൻ എനിക്ക് ലഭിക്കുന്നു. സ്വർഗ്ഗീയ ജീവന്റെ ഉറവകൾ എന്നിൽ നിന്ന് പുറപ്പെടുന്നു. അത് എന്നിൽ ഉൻമേഷം നിറക്കുന്നു. അത് യഥാർത്ഥമായുള്ള എന്റെ തീർക്കുന്നു. ഈ ഉറവിനാൽ എന്നിൽ തന്നെ ഞാൻ തൃപ്തനായിരിക്കുന്നു കാരണം ഈ നീരുറവ ദൈവത്തിൽ നിന്നുള്ളതാണ്. ദൈവത്തിലുള്ളതും ദൈവത്തിന്റെ ജീവനും എന്റെ പ്രാണനെ തൃപ്തിപ്പെടുത്തുന്നു. എന്റെ ആന്തരിക മനുഷ്യൻ ദൈവീക ജീവനാൽ നിറഞ്ഞു കവിയുന്നു.

യോഹന്നാൻ : 6:35

എന്റെ ദൈവമായ യേശു ക്രിസ്തു ജീവന്റെ അപ്പമാണ്. എനിക്ക് ക്രിസ്തുവുണ്ട്. അവിടുത്തെ ജീവനുണ്ട്. ആ ജീവൻ എന്റെ പ്രാണന്റെ വിശപ്പകറ്റുന്നു. ആ ജീവൻ എനിക്ക് ആഴത്തിൽ ഉള്ള പ്രചോദനവും പ്രോത്സാഹനവും നൽകുന്നു. സ്വർഗ്ഗീയമായ സന്തോഷവും അനുഗ്രഹങ്ങളും സ്വർഗ്ഗീയ സംതൃപ്തി എന്നിലൂടെ നിരന്തരമായി ഒഴുകികൊണ്ടേ ഇരിക്കുന്നു. ദൈവീക ജീവനാൽ എന്റെ പ്രാണൻ നിറഞ്ഞിരിക്കുന്നു.

യോഹന്നാൻ 7: 38

നിത്യജീവന്റെ ഉറവകൾ എന്നിലൂടെ ഒഴുകുന്നു. അത് എന്റെ ഹൃദയത്തിന്റെ ആഴങ്ങളിൽ നിന്ന് വരുന്നു. അത് എന്റെ പ്രാണനിൽ നിന്ന് തിരമാലകൾ പോലെ പുറത്തേക്ക് തള്ളുന്നു അത് എനിക്കും എന്റെ ചുറ്റുപാടും ജീവൻ പ്രധാനം ചെയ്യുന്നു. എന്റെ ഉള്ളിൽ നിന്നും ജീവജല ഉറവ പുറപ്പെട്ടുകൊണ്ടിരിക്കുന്നു.

വെളിപാട് 21:6, 22:1, 17

ജീവന്റെ ഉറവിൽനിന്ന് ഞാൻ സുജന്യമായി കുടിക്കുന്നു. സിംഹാസനത്തിൽ നിന്ന് പുറപ്പെടുന്ന ശുഭവും ശുദ്ധിയുള്ളതുമായ നീരുറവയുടെ ആഴങ്ങളിൽ നിന്ന് ഞാൻ കുടിക്കുന്നു. യാഥാർത്ഥ്യമായി സ്വർഗ്ഗത്തെ എന്നിലേക്ക് കൊണ്ടുവരുന്നു. സ്വർഗ്ഗീയ ജീവനിലൂടെ സ്വർഗ്ഗീയ അനുഗ്രഹങ്ങളും സന്തോഷവും സംതൃപ്തിയും എന്നിലൂടെ നിറഞ്ഞൊഴുകികൊണ്ടേയിരിക്കുന്നു. ഈ ജീവനാൽ ഞാൻ തൃപ്തനാണ്. സ്വർഗ്ഗീയ അനുഗ്രഹങ്ങളുടെ ഉറവയാണ്. ഞാൻ.

നിത്യജീവൻ സ്വീകരിച്ചതിലൂടെ ഞാൻ സാത്താന്റെ ആധിപത്യത്തിൽ നിന്നും സ്വതന്ത്രനായി.

1. യോഹന്നാൻ :3:14:15; എബ്രായർ :2:14

മരണത്തിൽനിന്നും ജീവനിലേക്ക് ഞാൻ കടന്നിരിക്കുന്നു എന്ന് ഞാൻ അറിയുന്നു. ഞാൻ മരണത്തിൽനിന്ന് ജീവനിലേക്ക് കൈമാറ്റം ചെയ്യപ്പെട്ടിരിക്കുന്നു. ഞാൻ സാത്താന്റെ നിയന്ത്രണത്തിൽനിന്ന് പുറത്ത് വന്നിരിക്കുന്നു. ഞാൻ മരണത്തിൽനിന്നും ജീവനിലേക്ക് കടന്നിരിക്കുന്നു. സാത്താൻ എന്റെ മുന്നിൽ ബലഹീനൻ ആയിരിക്കുന്നു. അവനെ ആയുധവർഗ്ഗം വെപ്പിച്ച് ബലഹീനനും ഏതും ഇല്ലാത്തവനും ആക്കി നിർത്തി. ഞാൻ നിത്യ ജീവൻ പ്രാപിച്ചതിലൂടെ സാത്താന്റെ അധികാരത്തിൽനിന്നും മോചിതനായിരിക്കുന്നു.

പ്രവൃത്തി 26:18

യേശു ക്രിസ്തു മരിച്ചവർക്കും ജീവിച്ചിരിക്കുന്നവർക്കും കർത്താവാകുന്നു. യേശു ജീവൻരെ കർത്താവാകുന്നു. നിത്യ ജീവനിൽ ഉള്ള എല്ലാത്തിന്റേയും കർത്താവാണ് യേശു. ഞാൻ മരണം വിട്ട് ജീവനിലേക്ക് കടന്നിരിക്കുന്നു. സാത്താൻ ആധിപത്യം നടത്തിക്കൊണ്ടിരുന്ന മേഖലയിൽ യേശു ക്രിസ്തു ഇപ്പോൾ ആധിപത്യം നടത്തുന്നു. ഞാൻ രൂപാന്തരം പ്രാപിച്ചിരിക്കുന്നു. ഞാൻ മരണത്തിൽ നിന്നും ജീവനിലേക്ക് വിവർത്തനം ചെയ്യപ്പെട്ടിരിക്കുന്നു. ഞാൻ സാത്താന്റെ അധികാരത്തിൽ നിന്നും സ്വതന്ത്രനായിരിക്കുന്നു. ആത്മീയ മരണം എന്നെ സാത്താന് അടിമയാക്കിയിരിക്കുന്നു എന്നാൽ നിത്യജീവൻ എന്നെ അതിൽ നിന്ന് വിടുവിട്ടു ഞാൻ മരണത്തിന്റെ ആധിപത്യത്തിൽനിന്നു വിടുവിക്കപ്പെട്ട് യേശു ആധിപത്യം നടത്തുന്ന ജീവനിൽ വാഴുന്നു.

കൊലൊാസ്സ്യർ : 1:13, 14

ഞാൻ ഇരുട്ടിന്റെ അധികാരത്തിൽനിന്ന് വിടുവിക്കപ്പെട്ട് പുത്രന്റെ രാജ്യത്തിലായിരിക്കുന്നു. ഞാൻ സാത്താന്റെ അധികാരത്തിൽ നിന്ന് വിടുവിക്കപ്പെട്ടു. എന്നെ പുത്രന്റെ രാജ്യത്തിലേക്ക് പരിച്ചു നട്ടിരിക്കുന്നു. ഞാൻ ഇരുട്ടിൻരെ ശക്തികൽ നടത്തുന്ന ആധിപത്യത്തിൽ നിന്ന് ശക്തികൾ നടത്തുന്ന ആധിപത്യത്തിൽനിന്ന് വിടുവിക്കപ്പെട്ടിരിക്കുന്നു. ഞാൻ നിത്യജീവൻ പ്രാപിച്ചപ്പോൾ സാത്താന്റെ പിടിയിൽനിന്ന് വിടുവിക്കപ്പെട്ട് പുത്രന്റെ പുതിയ ലോകത്തിൽ പ്രവേശിച്ചിരിക്കുന്നു. ക്രിസ്തുവിൽ എനിക്ക് വീണ്ടെടുപ്പും വിടുതലും ഉണ്ട്. യേശു സകല അടിമത്വത്തിൽനിന്നു എനിക്ക് വേണ്ടി മറുവിലയായ് എന്നെ സ്വന്തമാക്കി. യിസ്രായേല്യർ ചെങ്കടൽ കടന്ന് ഫറവോന്റെ രീജ്യത്തുനിന്നും സ്വതന്ത്രരായത് പോലെ ഞാൻ സാത്താനിൽ നിന്നും സ്വാതന്ത്ര്യം പ്രാപിച്ചിരിക്കുന്നു. എന്റെ മനസ്സിൽ എന്റെ ശരീരത്തിൽ എന്റെ സാമ്പത്തിക മേഖലയിൽ എനിക്ക് ഉള്ള എല്ലാറ്റിൽ നിന്നും സാത്താന്റെ ആധിപത്യം ഇല്ലാതായിരിക്കുന്നു.

വെളിപാട് : 5 :10

ക്രിസ്തുവിന്റെ ജീവനിൽ ഞാൻ ഇപ്പോൾ ഒരു രാജാവാണ്. ഞാൻ ഒരു രാജാവായി ജീവന്റെ രാജ്യത്ത് വാഴുന്നു. ആത്മീയ മരണത്താൽ ഞാൻ സാത്താന് അടിമപ്പെട്ടിരിക്കുന്നു. നിത്യജീവൻ എന്നെ സാത്താന്റെ അധികാരപരിധിയിൽ നിന്ന് വിടുവിട്ട് പുത്രന്റെ രാജ്യത്തിന്റെ അധികാര പരിധിയിലാക്കി. നിത്യജീവൻ എന്നെ സകലത്തിന്റെ മേലും അധികാരം ഉള്ളവനാക്കി. അത് എന്നെ രാജാവാക്കുന്നു. നിത്യജീവൻ എന്നെ സാത്താന്റെ മേലും രോഗത്തിന്റെ മേലും പാപത്തിന്റെ മേലും ദാരിദ്രത്തിന്റെ മേലും എല്ലാ സാഹചര്യങ്ങളുടെ മേലും വാഴുവാൻ പ്രാപ്തി നൽകുന്നു. ഞാൻ യേശു ക്രിസ്തുവിലൂടെ ജയാളിയായ് വാഴുന്നു.

നിത്യജീവൻ എന്നെ ക്രിസ്തുവിൽ ഏകീകരിക്കുന്നു.

1. യോഹന്നാൻ :5:11-13

ദൈവം എനിക്ക് നിത്യജീവൻ തന്നിരിക്കുന്നു. ക്രിസ്തു അത് എന്നിലേക്ക് പകർന്നിരിക്കുന്നു. പുത്രനിൽ ഉള്ള അതേ ജീവനാണ് എന്നിലും വ്യാപരിക്കുന്നത്. എനിക്ക് ജീവനുണ്ട്. എന്റെ ഉള്ളിൽ നിത്യജീവൻ ഉള്ളത് ഞാൻ തിരിച്ചറിയുന്നു, ഞാൻ അതിൽ ഉറച്ചിരിക്കുന്നു. ഞാൻ അതിൽ ബോധവാനാണ്. പുത്രനിൽ ഉള്ള അതേ ജീവൻ പിതാവ് എനിക്ക് നൽകിയിരിക്കുന്നു. എന്നിൽ ആ ജീവൻ ഉണ്ട്. ഞാൻ നിത്യജീവന്റെ ഉടമയാണ്.

യോഹന്നാൻ : 6:53-57.

ഞാൻ ക്രിസ്തുവിന്റെ മാംസം ഭക്ഷിച്ചു, രക്തം കുടിച്ചു. ക്രിസ്തു എനിക്ക് വേണ്ടി മരിച്ചു. ഞാൻ ഇപ്പോൾ ആ ജീവനിലാണ്. ഞാൻ നിത്യജീവൻ ജീവിച്ചു തുടങ്ങിയിരിക്കുന്നു. എന്റെ ഉള്ളിൽ ആ ജീവിതത്തിൽ ഞാൻ സന്തോഷിക്കുന്നു. ഞാൻ അവിടുത്തെ മാംസം തിന്നുകയും അവിടുത്തെ രക്തം കുടിക്കുകയും ചെയ്തിരിക്കുന്നു. ഞാൻ ക്രിസ്തുവിലും ക്രിസ്തു എന്നിലും ആകുന്നു. നിത്യജീവൻ ക്രിസ്തുവുമായി എന്നെ ഏകീഭവിപ്പിക്കുന്നു. ക്രിസ്തുവിൻ ഉള്ള അതേ ജീവൻ ഇപ്പോൾ എന്നിലും വ്യാപരിക്കുന്നു. ആ ജീവൻ ക്രിസ്തുവുമായി എന്നെ ഒന്നാക്കുന്നു. പിതാവും പുത്രനും ഒന്നായിരിക്കുന്നത് പോലെ ഞാനും ക്രിസ്തുവിലൂടെ ജീവിക്കുന്നു. ഏക ആത്മാവായിരിക്കുന്നു.

യോഹന്നാൻ : 14:19, 20

ക്രിസ്തു ജീവിക്കുന്നതിനാൽ ഞാനും ജീവിക്കുന്നു. ക്രിസ്തുവിന്റെ ഉള്ളിൽ ജീവനുണ്ട്. ആ ജീവൻ എന്നിൽ വ്യാപരിക്കുന്നു. യേശു എന്നോട് ആ ജീവൻ പങ്കിടുന്നു. ഞാൻ യേശുവിനോടും യേശു എന്നോടും ഏകീഭവിച്ചിരിക്കുന്നു. ക്രിസ്തുവിനോട് ഒന്നാക്കപ്പെട്ടിരിക്കുന്നു. ക്രിസ്തു ആത്മാവാണ്, ക്രിസ്തുവിൽ ജീവനുണ്ട്. ഞാൻ അവിടുത്തെ ആത്മാവുമായി പങ്കാളിയാണ് എന്നിൽ ജീവനുണ്ട്. ക്രിസ്തു എന്നോടും ഞാൻ ക്രിസ്തുവിനോടും ഏകീഭവിച്ചിരിക്കുന്നു. കർത്താവിനോട് പറ്റിച്ചേരുന്നവൻ കർത്താവുമായി ഏക ആത്മാവ് ആകുന്നു.

യോഹന്നാൻ :15:4, 5

ക്രിസ്തുവന്റെ ജീവിതം എന്നിലുണ്ട്.

ഞാനും യേശുവും ഒന്നിച്ച് ആ ജീവൻ പങ്കിടുന്നു. ഞാൻ അവിടുത്തോട് ഒന്നാക്കപ്പെട്ടിരിക്കുന്നു. കൊമ്പ് മുന്തിരിവള്ളിയോട് ചേർന്നിരിക്കുന്നത് പോലെ ഞാൻ ദൈവ പുത്രനോട് ചേർന്നിരിക്കുന്നു. ക്രിസ്തു മുന്തിരിവള്ളിയും ഞൻ കൊമ്പുമാകുന്നു. മുന്തിരിവള്ളിയുടെ ജീവൻ കൊമ്പിലൂടെ ഒഴുകുന്നത് പോലെ അവിടുത്തെ ദൈവീക ജീവൻ, സ്വർഗ്ഗീയ സ്വഭാവവും എന്നിലേക്കും എന്നിലൂടെയും ഒഴുകുന്നു. എനിക്ക് എൻരെ ജീവൻ ക്രിസ്തുവിൽ നിന്ന് ലഭിച്ചു. ഞാൻ ക്രിസ്തുവിൻരെ ജീവൻ പങ്കിടുന്നു. ആ ജീവൻ എന്നെ ഫലപ്രദമാക്കുന്നു. അത് ക്രിസ്തു എന്നിൽ വളരുവാൻ കാരണമാകുന്നു. ക്രിസ്തു എന്നിൽ വളർന്നു കൊണ്ടേയിരിക്കുന്നു. ഞാൻ ക്രിസ്തുവിനോട് ചേർന്ന് വളരുന്നു. മുന്തിരിവള്ളിയിൽ ഉള്ളതെല്ലാം കൊമ്പിൽ എത്തുന്നത് പോലെ ക്രിസ്തുവിൽ ഉള്ളതെല്ലാം എന്നിലേക്ക് ഒഴുകുന്നു. ക്രിസ്തുവിന്റെ ജീവനിൽ ക്രിസ്തുവിലുള്ളതെല്ലാം നിറഞ്ഞിരിക്കുന്നു. ക്രിസ്തുവിൽ ഉള്ളതെല്ലാം ഇപ്പോൾ എന്നിലുണ്ട്. മുന്തിരി വള്ളിയിൽ ഉള്ളതെല്ലാം എന്നിൽ നിറഞ്ഞിരിക്കുന്നു.

ക്രിസ്തു എന്നിൽ ഉണ്ട്. ഞാൻ ക്രിസ്തുവിനോട് ചേർന്ന് ദൈവീക പൂർണ്ണതയിൽ ഏകീഭവിച്ചിരിക്കുന്നു. സകല ജ്ഞാനത്തിന്റേയും അറിവിന്റേയും ഉറവിടവുമായി ഞാൻ ഏകീഭവിച്ചിരിക്കുന്നു. പ്രപഞ്ച സൃഷ്ടാവും പരിപാലകനും ആയ ദൈവത്തോട് ഞാൻ ഏകീഭവിച്ചിരിക്കുന്നു. സകല വാഴ്ചയുടെയും ശക്തിയുടേയും തലവനായ പരമോന്നതനായ ക്രിസ്തുവിനോട് ഞാൻ ഏകീഭവിച്ചിരിക്കുന്നു.

എന്നിലുള്ള ദൈവത്തിന്റെ ജീവൻ എന്റെ ബുദ്ധിയേയും വ്യക്തിത്വത്തേയും പ്രകാശഭൂരിതമാക്കുന്നു.

യോഹന്നാൻ : 1:4, 8:12

ദൈവീക ജീവൻ പ്രകാശം പരത്തുന്നു. ആ ജീവൻ എന്നിലെ എന്റെ ബുദ്ധിയെ പ്രകാശിതമാക്കുന്നു. എന്റെ ആത്മാവിൽ വെളിച്ചമുണ്ട്. അത് എന്റെ മനസ്സിലേക്ക് അത് വ്യാപരിക്കുന്നു. ഇന്ദ്രിയജ്ഞാനത്തിന്റെ ഇരുട്ടിൽ എന്റെ മനസ്സ് ബന്ധിക്കപ്പെട്ടിട്ടില്ല. എന്റെ മനസ്സ് ആത്മാവിനാൽ നിയന്ത്രിതമാണ്. എന്നിലെ ദൈവീകജീവൻ ദൈവീക വെളിച്ചംകൊണ്ട് നിറഞ്ഞിരിക്കുന്നു. ഞാൻ മനസ്സിന്റെ അന്ധതയ്ക്ക് അധീനനല്ല്. എന്നിലുള്ള ദൈവീക ജീവനാൽ എന്റെ മനസ്സും വ്യക്തിത്വവും ഇരുട്ടിൽ നിന്ന് പൂർണ്ണമായും സ്വതന്ത്രമാക്കപ്പെട്ടിരിക്കുന്നു. ക്രിസ്തുവിന്റെ സമഗ്രതയും വ്യക്തിത്വവും കൊണ്ട് എന്റെ ആത്മാവിനെ പൂവണിയിക്കുന്നു. ക്രിസ്തുവിന്റെ ജീവൻ എന്റെ ഉള്ളിൽ ഉയർന്നുവരുന്നത് കൊണ്ട് ക്രിസ്തുവിന്റെ പൂർണ്ണതയും വ്യക്തിത്വവും എന്നിൽ രൂപപ്പെടുന്നു. ക്രിസ്തുവിന്റെ ജീവൻ എന്നിൽ ഉള്ളതിനാൽ എന്റെ ഉള്ളിൽ അവിടുത്തെ ജ്ഞാനമാണ് ഉള്ളത്. അതിനാൽ ഞാൻ അധികാരങ്ങളെ നേടിയെടുക്കുന്നു. യേശു ക്രിസ്തുവിന്റെ സ്വഭാവം എന്നിൽ രൂപപ്പെടുന്നു. നിത്യജീവൻ എന്നിൽ പ്രകാശിക്കുന്നതിലൂടെ എന്റെ ബുദ്ധിശക്തിയും

വ്യക്തിത്വവും മെച്ചപ്പെടുന്നു. യേശു ക്രിസ്തുവിന്റെ ജ്ഞാനം എന്നിൽ ഉള്ളത് കൊണ്ട് എനിക്ക് ഇരുട്ടിൽ നടക്കുവാൻ സാധ്യമല്ല; ഈ ലോകത്തെ ജയിക്കാൻ ഞാൻ ഇപ്പോൾ പര്യാപ്തനാകുന്നു.

എന്നിലുള്ള ദൈവീക ജീവൻ സാത്താനെയും രോഗത്തെയും പാപത്തെയും നശിപ്പിക്കുന്നു.

1 യോഹന്നാൻ:3:9

ദൈവീക ജീവൻ എന്നിലുണ്ട്,ആ ജീവൻ എന്നെ നിയന്ത്രിക്കുന്നു.എന്നിൽ സ്വർഗ്ഗീയ പിതാവിന്റെ സ്വഭാവവും പാരമ്പര്യവും ഉണ്ട്,എന്നിലുള്ള ദൈവീക ജീവനാൽ ഞാൻ പാപത്തെ ജയിക്കുന്നു.ഞാൻ പാപം ചെയ്യുന്നില്ല.എന്തെന്നാൽ ഞാൻ പാപത്തിന്റെ ആധിപത്യത്തിൽ നിന്ന് ദൈവീക ജീവനാൽ സ്വാതന്ത്രനായിരിക്കുന്നു,ആ ജീവൻ എന്നെ നിയന്ത്രിക്കുന്നു.

1 യോഹന്നാൻ 5:4

ഞാൻ ദൈവത്തിന്റെ ജീവനാൽ ദൈവത്തിൽ നിന്ന് ജനിച്ചിരിക്കുന്നു,ഞാൻ ലോകത്തെ ജയിച്ചവനാണ്.ഞാൻ ലോകത്തിന്റെ യജമാനൻ ആണ്.ഞാൻ ജയവീരൻ ആയി ജനിക്കപ്പെട്ടിരിക്കുന്നു.എന്നിലുള്ള ദൈവീക ജീവനാൽ ഞാൻ പുറത്തുള്ള ലോകത്തെ കീഴടക്കുന്നു.ലോകത്തിൽ നിന്നുള്ള ചിന്തകളെ ഞാൻ വിജയിക്കുന്നു.അവ പാപം ,രോഗം ,സാത്താൻ എന്നിവയാണ്.ഞാൻ നിനന്തരം ജയാളിയാണ്.കാരണം ഞാൻ ദൈവത്തിൽ നിന്ന് ജനിച്ചിരിക്കുന്നു,ദൈവീക ജീവൻ എന്നിലുണ്ട്.

1 യോഹന്നാൻ 5:18

ഞാൻ ദൈവത്തിൽ നിന്ന് പുതിയ ജീവിതം പ്രാപിച്ചിരിക്കുന്നു.ദൈവം എന്റെ പിതാവാണ്. ദൈവ പുത്രന്റെ ജീവനാൽ ഞാൻ സംരക്ഷിക്കപ്പെടുന്നു.സാത്താന് എന്നെ തൊടുവാനോ ബന്ധിക്കുവാനോ കഴിയുകയില്ല.എന്നിലെ ദൈവീക ജീവൻ എന്നെ പാപത്തിൽ നിന്നും രോഗത്തിൽ നിന്നും സാത്താനിൽ നിന്നും മടക്കി വരുത്തിയിരിക്കുന്നു.ദൈവീക ജീവൻ എന്നിൽ നിന്ന് പ്രവഹിക്കുന്നു.അത് എന്നെ മഹത്വത്താൽ പൊതിയുന്നു.കാന്തിക ശക്തി പോലെ അത് സാത്താനെയും രോഗത്തെയും എന്നിൽ നിന്ന് അകറ്റുന്നു.

എന്നിൽ നിന്ന് പ്രസരിക്കുന്ന ദൈവീക ജീവനാൽ പാപവും രോഗവും സാത്താനും എന്നിൽ നിന്ന് അകന്നിരിക്കിന്നു

റോമർ :8:11

ഞാൻ ദൈവാത്മാവിന്റെ ഭവനമാണ്.ദൈവം എന്റെ ശരീരം എടുത്ത് തന്റെ ജീവൻ എന്റെ ശരീരത്തിലൂടെ പ്രതിധ്വനിപ്പിക്കുന്നു.

ദൈവീക ജീവൻ എന്റെ ശരീരത്തിലൂടെ നിറഞ്ഞ് കവിയുന്നു. ആ ജീവൻ എന്നെ പുതുതാക്കി രോഗങ്ങളിൽനിന്ന് അകറ്റിനിർത്തുന്നു. യഹോവ റാഫാ എന്ന സ്വർഗ്ഗീയ വൈദ്യന്റെ ജീവൻ എന്നിൽ വ്യാപരിക്കുന്നു. ദൈവത്തിന്റെ ജീവൻ എന്നോട് എതിർക്കുന്ന രോഗത്തെ കൊന്നുകളയുന്നു.ദൈവീക ജീവൻ എന്റെ ശരീരത്തിൽ നിന്ന് രോഗങ്ങളെ മാറ്റുന്നു.ദൈവത്തിന്റെ ആത്മാവ് ദൈവീക ജീവനെ എന്റെ പ്രാണനിലേക്കും ശരീരത്തിലേക്കും വ്യാപ

രിപ്പിക്കുന്നു.ശക്തിയും ചൈതന്യവും അത് എന്റെ ജീവിതത്തിലേക്ക് കൊണ്ടുവരുന്നു.എന്നിൽ നിന്ന് ഒഴുകുന്ന ദൈവത്തിന്റെ ആത്മാവ് എന്നെ നിറച്ച് പുതിയ ജീവനെ എന്റെ ഭൗതിക ശരീരത്തിലേക്കും കൊണ്ടുവരുന്നു.

റോമർ:5:10

ഞാൻ രക്ഷിക്കപ്പെട്ടു,സൗഖ്യമാക്കപ്പെട്ടു.സൂക്ഷിക്കപ്പട്ടു,വിടുവിക്കപ്പെട്ടു.ക്രിസ്തുവിന്റെ ശബ്ദം കേൾക്കുവാൻ ഉളള ജീവൻ എന്നിലുണ്ട്.ക്രിസ്തുവിന്റെ ജീവൻ പാപം രോഗം സാത്താൻ എന്നിവയുടെ അധീനതയിൽ നിന്ന് എന്നെ വിടുവിച്ചിരിക്കുന്നു.അവിടുത്തെ ജീവനാൽ ഞാൻ രക്ഷിക്കപ്പെട്ടു.എന്നിലുളള പുനരുതഥാന ശക്തിയാൽ ഞാൻ ദിനം പ്രതി പാപത്തെയും രോഗത്തെയും അവയുടെ ആധിപത്വത്തിൽ നിന്നും വിടുതൽ പ്രാപിക്കുന്നു.

നിത്യ ജീവൻ എന്നിൽ വർദ്ധിച്ച് വളരുന്നു

യോഹന്നാൻ6:63,68

ക്രിസ്തുവിന്റെ വാക്കുകൾ (വചനങ്ങൾ)

എന്നിൽ അധികം അധികം ഇപ്പൊൾ ജീവനെ കൊണ്ടുവരുന്നു.അവിടുത്തെ വചനം ജീവൻ നിറഞ്ഞതാണ്.ക്രിസ്തുവിന്റെ വചനങ്ങൾ എന്നിലേക്ക് തുളച്ച് കയറി.എന്നിൽ ജീവൻ നിക്ഷേപിക്കുന്നു.ഇപ്പോൾ എന്നിലൂടെ കടന്നുപോകുന്ന ദൈവ വചനങ്ങളിലൂടെ എന്നിൽ ജീവൻ നിറയുന്നു.

എബ്രായർ:4:12

ദൈവ വചനം ഊർജം നിറഞ്ഞതാണ്.അത് ഊർജ്ജം നിറഞ്ഞ ജീവിക്കുന്ന ശക്തിയാണ്. അത് ജീവനും ശക്തിയും നിറഞ്ഞതാണ്.ദൈവ വചനം ദൈവീകജീവനാൽ നിറഞ്ഞിരിക്കുന്നു.ദൈവ വചനം കൂടുതൽ കൂടുതൽ ജീവനെ എന്നിൽ നിറക്കുന്നു.ദൈവ ജീവൻ എന്നിൽ വികസനം കൊണ്ടുവരുന്നു.ദൈവ വചനം എന്റെ ഉള്ളിൽ തുളച്ച് കയറി ജീവൻ നിറക്കുകയും ചെയ്യുന്നു.അത് ജീവനും ചൈതന്യവും എന്റെ വ്യക്തിത്വത്തിലേക്ക് തുളച്ച് നിറക്കുന്നതാകുന്നു.

ഗലാത്യർ:6:8

ക്രിസ്തുവിന്റെ വചനം ഞാൻ എന്നിൽ വിതക്കുമ്പോൾ കൂടുതൽ കൂടുതൽ ദൈവീക ജീവനെ എന്നിൽ നിന്ന് കൊയ്യും.ദൈവ വചനത്തിൽ ദൈവീക ജീവനും ശക്തിയും നിറഞ്ഞിരിക്കുന്നു.ഹൃദയതാളം പോലെ അത് എന്നിൽ വർദ്ധിക്കുന്നു.ദൈവ വചനം എന്റെ വ്യക്തിത്വത്തിൽ പ്രവേശിക്കുകയും എന്നിൽ അത് പ്രകമ്പനം ഉണ്ടാക്കുന്നു.എന്റെ ഉളളിൽ നിന്ന് ദൈവീക ജീവൻ പ്രതിധ്വനിച്ചു കൊണ്ടേ ഇരിക്കിന്നു.

യോഹന്നാൻ:10:10

എന്നിൽ നിത്യ ജീവൻ ഉണ്ട്.അത് നിറഞ്ഞ് കവിയുന്ന അളവിൽ എന്നിലുണ്ട്.ദൈവത്തിന്റെ ജീവൻ അധികമധികമായി എന്നിൽ നിറയുവാൻ ഞാൻ എന്നെ തന്നെ വികസിപ്പിക്കുന്നു. നിറഞ്ഞു കവിയുന്ന ജീവൻ എന്നിലുണ്ട്.അളവിലധികം ജീവൻ എന്നിലുണ്ട് സമൃദ്ധിയായ ജീവൻ എന്നിലുണ്ട്.അത് വേലിയേറ്റം പോലെ എന്നിൽ വർദ്ധിച്ച് വരുന്നു.അത് എന്റെ ആത്മാവിനും പ്രാണനും ശരീരവും ജീവനാൽ നിറക്കുന്നതാകുന്നു.സ്വർഗ്ഗീയ ജീവൻ എന്നി

ലേക്ക് വ്യാപരിച്ച് എന്നിലൂടെ നദി പോലെ ഒഴുകുന്നു.അത് എന്നിൽ അത്ഭുത ജീവൻ, രക്ഷയുടെ,സ്വർഗ്ഗീയ ജീവൻ നിറക്കുന്നു.

പിതാവിന്റെ ലക്ഷ്യമാണ് എന്റെയും ലക്ഷ്യം

1.യോഹന്നാൻ: 3:8 ,എബ്രായർ:2:10 യേശു സാത്താന്റെ പ്രവൃത്തികളെ നശിപ്പിച്ചതു പോലെ ഞാനും ചെയ്യുന്നു.

യേശു വെളിപ്പെട്ട് അനേകരെ മഹത്വത്തിന്റെ മക്കൾ ആക്കിയതു പോലെ ഞാനും ആകുന്നു.

ക്രിസ്തു എന്നോട് ഒന്നായിരിക്കുന്നു.അവിടുന്ന് പിതാവിനോട് ചോദിച്ചു നമ്മൾ ഒന്നായിരിക്കുന്നത് പോലെ ഇവരും തമ്മിൽ ഒന്നാകണം.

നമ്മുടെ പിതാവാം ദൈവം അളവുകളും അതിരുകളും ഇല്ലാത്ത സ്നേഹത്താൽ നമ്മെ വിളിച്ച് വേർതിരിച്ച് പുത്രൻമാരാക്കി നിർത്തിയിരിക്കുന്നു.നമ്മുടെ പിതാവിനെ ലോകം അറിയാത്തതു പോലെ നമ്മെയും ലോകം അറിയുന്നില്ല.

നമ്മൾ സത്യമായും ഇപ്പോൾ ദൈവപുത്രൻമാർ ആണ്.നാം എന്താകുമെന്ന് ഇതുവരെ ഇതുവരെ ലോകത്തിന് വെളിപ്പെട്ടിട്ടില്ല.എന്നാൽ യേശു വരുബോൾ നാം അവനോട് സദൃശ്യൻമാർ ആകും എന്ന് നിശ്ചയമായും നാം അറിയുന്നു.

ഈ പ്രത്യാശ കൂടുതലായി നമ്മെ ശുദ്ധീകരിക്കുന്നു.അത് യേശുവിന്റെ അതേ പരിശുദ്ധി നമ്മിൽ കൊണ്ടുവരുന്നു. 1st യോഹന്നാൻ 3:1:3

അതേ പിതാവേ, ഞാൻ ആരാണെന്നും എന്താണന്നും,എനിക്ക് എന്തൊക്ക അങ്ങയിലൂടെ ചെയ്യാന് കഴിയുമെന്നും അങ്ങു പറഞ്ഞതിന് ഞാൻ പൂർണ്ണമായും അംഗീകരിക്കുന്നു. അങ്ങനെ തന്നെ ആവട്ടെ.

## <u>പുത്രത്വത്തെ കുറിച്ചുള്ള വചനങ്ങൾ</u>

മത്തായി : 5 : 9

റോമർ : 8 : 14-17

റോമർ : 9 : 26

ഗലാത്യർ : 4: 5, 7

ഫിലിപ്പിയർ : 2 :15

യോഹന്നാൻ : 3 : 1, 2

യോഹന്നാൻ : 1 : 12

റോമർ : 8 : 19

ഗലാത്യർ : 3 : 26

എഫെസ്യർ: 1 : 5

എബ്രായർ : 2 : 10

വെളിപാട് : 21 :7